**092/2026-M**

ചോദ്യ പുസ്തക അക്ഷര കോഡ് **A**

ചോദ്യ പുസ്തക ക്രമ നമ്പർ

ചോദ്യങ്ങളുടെ ആകെ എണ്ണം : 100

സമയം : 1 മണിക്കൂർ 30 മിനിട്ട്

പരമാവധി മാർക്ക് : 100

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

# 092/2026-M

Maximum : 100 marks

Time : 1 മണിക്കൂർ 30 മിനിട്ട്

1. ചുവടെ പറയുന്നവയിൽ ശരിയായ ജോഡി ഏതാണ്?
   - (A) ആര്യസമാജം - വിവേകാനന്ദൻ
   - (B) പൂന സാർവജനിക് സഭ - എം.ജി. റാനഡെ
   - (C) പ്രാർത്ഥനാ സമാജം - ദേവേന്ദ്രനാഥ ടാഗോർ
   - (D) രാമകൃഷ്ണ മിഷൻ - രാജാറാം മോഹൻ റോയി

2. വൈക്കം സത്യാഗ്രഹത്തെക്കുറിച്ചുള്ള താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയായവ കണ്ടെത്തുക :
   - (i) വൈക്കം സത്യാഗ്രഹം സഞ്ചാരസ്വാതന്ത്ര്യത്തിന് വേണ്ടിയായിരുന്നു
   - (ii) സവർണ്ണജാഥ സംഘടിപ്പിച്ചത് കെ.പി. കേശവമേനോൻ ആണ്
   - (iii) വൈക്കം സത്യാഗ്രഹത്തിന് നേതൃത്വം നൽകിയത് ടി.കെ. മാധവൻ ആണ്
   - (A) (i), (iii)
   - (B) (i), (ii)
   - (C) (ii), (iii)
   - (D) (i), (ii), (iii)

3. 'ചൗരി ചൗര' എന്ന ഗ്രാമം സ്ഥിതിചെയ്യുന്ന സംസ്ഥാനം :
   - (A) ബീഹാർ
   - (B) ഗുജറാത്ത്
   - (C) മഹാരാഷ്ട്ര
   - (D) ഉത്തർപ്രദേശ്

4. 1929-ലെ ലാഹോർ കോൺഗ്രസ്സ് സമ്മേളനത്തെക്കുറിച്ചുള്ള താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയായവ കണ്ടെത്തുക :
   - (i) കോൺഗ്രസ്സിന്റെ അന്തിമലക്ഷ്യം പൂർണ്ണ സ്വരാജ് ആണെന്ന് പ്രഖ്യാപിച്ചു
   - (ii) ബ്രിട്ടീഷുകാർക്കെതിരായി നിസ്സഹകരണ പ്രസ്ഥാനം ആരംഭിക്കാൻ തീരുമാനിച്ചു
   - (iii) 1930 ജനുവരി 26 ന് സ്വാതന്ത്ര്യദിനമായി ആചരിക്കാൻ തീരുമാനിച്ചു
   - (A) (i), (iii)
   - (B) (ii), (iii)
   - (C) (i), (ii)
   - (D) എല്ലാം ശരി

5. യോഗക്ഷേമ സഭ രൂപീകരിക്കുന്നതിന് നേതൃത്വം നൽകിയത് ആര്?
   - (A) മന്നത്ത് പത്മനാഭൻ
   - (B) വി.ടി. ഭട്ടതിരിപ്പാട്
   - (C) ടി.കെ. മാധവൻ
   - (D) വാഗ്ഭടാനന്ദൻ

6. 'ദി ഐവറി ത്രോൺ' എന്ന പുസ്തകം രചിച്ചതാര്?

(A) എം.ജി.എസ്. നാരായണൻ

(B) മനു എസ്. പിള്ള

(C) കെ.കെ.എൻ. കുറുപ്പ്

(D) ഡോ. വിക്രം സമ്പത്ത്

7. താഴെക്കൊടുത്തിരിക്കുന്ന പ്രാദേശിക വാതങ്ങളും അവ വീശുന്ന പ്രദേശങ്ങളും ശരിയായ രീതിയിൽ ക്രമപ്പെടുത്തുക :

| | പ്രാദേശിക വാതങ്ങൾ | | വീശുന്ന പ്രദേശം |
|---|---|---|---|
| (i) | ലൂ | (a) | യൂറോപ്പിലെ ആൽപ്സ് പർവ്വത ചരിവ് |
| (ii) | ചിനൂക്ക് | (b) | ആഫ്രിക്കയിലെ സഹാറ മരുഭൂമി |
| (iii) | ഫൊൻ | (c) | വടക്കേ അമേരിക്കയിലെ റോക്കി പർവ്വത ചരിവ് |
| (iv) | ഹർമ്മാറ്റൻ | (d) | ഉത്തരേന്ത്യൻ സമതലം |

(A) (i)-(b), (ii)-(d), (iii)-(a), (iv)-(c)

(B) (i)-(d), (ii)-(c), (iii)-(a), (iv)-(b)

(C) (i)-(c), (ii)-(a), (iii)-(d), (iv)-(b)

(D) (i)-(d), (ii)-(c), (iii)-(b), (iv)-(a)

8. കടൽത്തീരത്തിന് സമാന്തരമായി തിരമാലകളുടെ നിക്ഷേപണ പ്രവർത്തനത്താൽ രൂപപ്പെടുന്ന താല്ക്കാലിക മണൽത്തിട്ടകളാണ് :

(A) ക്ലിഫ്

(B) സമുദ്രസ്തംഭം

(C) പൊഴി

(D) സമുദ്രകമാനം

9. ഭൂമദ്ധ്യരേഖയിൽ നിന്ന് ഉത്തരായന രേഖയിലേക്ക് സൂര്യന്റെ അയനം സംഭവിക്കുന്ന കാലയളവ് :

(A) ഡിസംബർ 22 മുതൽ മാർച്ച് 21 വരെ

(B) ജൂൺ 21 മുതൽ സെപ്തംബർ 23 വരെ

(C) സെപ്തംബർ 23 മുതൽ ഡിസംബർ 22 വരെ

(D) മാർച്ച് 21 മുതൽ ജൂൺ 21 വരെ

10. താഴെക്കൊടുത്തിരിക്കുന്ന നദികളേയും പോഷക നദികളേയും ശരിയായ രീതിയിൽ ക്രമപ്പെടുത്തുക :

| | നദികൾ | | പോഷക നദികൾ |
|---|---|---|---|
| (i) | പെരിയാർ | (a) | കാഞ്ഞിരപ്പുഴ |
| (ii) | ഭാരതപ്പുഴ | (b) | മൂഴിയാർ |
| (iii) | പമ്പ | (c) | മുതിരപ്പുഴ |
| (iv) | ചാലിയാർ | (d) | തൂതപ്പുഴ |

(A) (i)-(c), (ii)-(a), (iii)-(d), (iv)-(b)

(B) (i)-(d), (ii)-(c), (iii)-(a), (iv)-(b)

(C) (i)-(c), (ii)-(d), (iii)-(b), (iv)-(a)

(D) (i)-(d), (ii)-(a), (iii)-(b), (iv)-(c)

11. താഴെക്കൊടുത്തിരിക്കുന്നവയിൽ ഭൂമദ്ധ്യരേഖാ കാലാവസ്ഥാ മേഖലയിൽ ഉൾപ്പെടാത്ത പ്രദേശം ഏത്?

(A) യൂറോപ്പ്
(B) മദ്ധ്യആഫ്രിക്ക
(C) തെക്കുകിഴക്കൻ ഏഷ്യ
(D) ആസമോൺ തടം

12. ഐക്യരാഷ്ട്ര സഭ അന്താരാഷ്ട്ര ഹിമാനി സംരക്ഷണ വർഷമായി ആചരിച്ചത് :

(A) 2005
(B) 2018
(C) 2021
(D) 2025

13. ഒരു രാജ്യത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് (Economic growth rate) കണക്കാക്കുന്നതിനുള്ള ശരിയായ സൂത്രവാക്യം ഏതാണ്?

സാമ്പത്തിക വളർച്ചാനിരക്ക് =

(A) $\dfrac{\text{നടപ്പുവർഷത്തെ GDP} - \text{മുൻവർഷത്തെ GDP}}{\text{മുൻവർഷത്തെ GDP}} \times 100$

(B) $\dfrac{\text{നടപ്പുവർഷത്തെ GDP} \times \text{മുൻവർഷത്തെ GDP}}{\text{മുൻവർഷത്തെ GDP}} \times 100$

(C) $\dfrac{\text{നടപ്പുവർഷത്തെ GDP}}{\text{ജനസംഖ്യ}} \times 100$

(D) $\dfrac{\text{നടപ്പുവർഷത്തെ GDP} + \text{മുൻവർഷത്തെ GDP}}{\text{മുൻവർഷത്തെ GDP}} \times 100$

14. "ആഗോളവൽക്കരണം ഒരു നയമല്ല പ്രതിഭാസമാണ്" - ഈ പ്രസ്താവന ആരുടേതാണ്?

(A) ഡോ. മൻമോഹൻ സിംഗ് (B) ജവഹർലാൽ നെഹ്റു

(C) അമർത്യസെൻ (D) കെ.ആർ. നാരായണൻ

15. താഴെ പറയുന്നവയിൽ ഭാരതീയ റിസർവ് ബാങ്കിന്റെ (RBI) പ്രവർത്തനങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

(A) കറൻസി നോട്ടുകൾ പുറത്തിറക്കൽ

(B) ഗവണ്മെന്റിന്റെ ബാങ്കറായി പ്രവർത്തിക്കൽ

(C) വിദേശവിനിമയനിരക്ക് നിയന്ത്രിക്കൽ

(D) പൊതുജനങ്ങളിൽ നിന്ന് നിക്ഷേപങ്ങൾ സ്വീകരിക്കൽ

16. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ കാർഷികമേഖലയിൽ സമത്വം കൈവരിക്കുന്നതിനായി നടപ്പിലാക്കിയ ഭൂപരിധി നയം (Land ceiling) സംബന്ധിച്ച ശരിയായ പ്രസ്താവനകൾ കണ്ടെത്തുക :

(i) ഒരു വ്യക്തിക്ക് കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരമാവധി അളവ് നിശ്ചയിക്കുക എന്നതാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്

(ii) ഭൂഉടമസ്ഥത കുറച്ചു പേരിൽ കേന്ദ്രീകരിക്കപ്പെടുന്നത് ഒഴിവാക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം

(A) പ്രസ്താവന (i) ശരിയാണ് (B) പ്രസ്താവന (ii) ശരിയാണ്

(C) പ്രസ്താവന (i), (ii) ശരിയാണ് (D) പ്രസ്താവന (i), (ii) തെറ്റാണ്

17. ചെറുകിട വ്യവസായങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട കാർവ്വെ കമ്മിറ്റി രൂപീകൃതമായ വർഷം ഏതാണ്?

(A) 1956 (B) 1955

(C) 1950 (D) 1951

18. ഇന്ത്യയിൽ സാമ്പത്തിക സർവ്വെ (Economic Survey) തയ്യാറാക്കി പുറത്തിറക്കുന്നത് ഏത് സ്ഥാപനമാണ്?

(A) റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ (B) നീതി ആയോഗ്

(C) ധനകാര്യ കമ്മീഷൻ (D) ധനകാര്യ മന്ത്രാലയം

19. നീതി ആയോഗിന്റെ (NITI Aayog) നിലവിലെ സി.ഇ.ഒ. (CEO) ആരാണ്?

(A) അനുരാഗ് ജെയിൻ (B) ബി.വി.ആർ. സുബ്രഹ്മണ്യം

(C) അരവിന്ദ് പനഗരിയ (D) നരേന്ദ്ര മോദി

20. ഇന്ത്യൻ ഭരണഘടനയുടെ "ഹൃദയവും ആത്മാവും" എന്ന് ഡോ. അംബേദ്കർ വിശേഷിപ്പിച്ചത് ഏത് മൗലിക അവകാശത്തെയാണ്?

(A) സമത്വാവകാശം

(B) ചൂഷണത്തിനെതിരായ അവകാശം

(C) ഭരണഘടനാപരമായി പരിഹാരത്തിനുള്ള അവകാശം

(D) മതസ്വാതന്ത്ര്യത്തിനുള്ള അവകാശം

21. ഇന്ത്യൻ ഭരണഘടനയുടെ ഏത് ഭാഗത്താണ് നിർദ്ദേശകതത്ത്വങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നത്?

(A) ഭാഗം III (B) ഭാഗം IV

(C) ഭാഗം II (D) ഭാഗം VII

22. സ്വത്തവകാശം മൗലികഅവകാശം അല്ലാതായി തീർന്നത് ഏതു ഭരണഘടനാ ഭേദഗതി പ്രകാരമാണ്?

(A) 42 (B) 48

(C) 44 (D) 61

23. ഇന്ത്യൻ ഭരണഘടനയിൽ വിദ്യാഭ്യാസം ഉൾപ്പെടുത്തിയിരിക്കുന്ന ലിസ്റ്റ് ഏതാണ്?

(A) യൂണിയൻ ലിസ്റ്റ് (B) സംസ്ഥാന ലിസ്റ്റ്

(C) കൺകറന്റ് ലിസ്റ്റ് (D) ഇവയൊന്നുമല്ല

24. കേരള സംസ്ഥാനത്തിലെ ഇപ്പോഴത്തെ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ആരാണ്?

(A) എ. ഷാജഹാൻ (B) വി. ഭാസ്കരൻ

(C) എൻ. ശേഷാദ്രിനാഥൻ (D) എം.എസ്. ജോസഫ്

25. മൗലിക കർത്തവ്യങ്ങൾ എന്ന ആശയം ഇന്ത്യൻ ഭരണഘടനയിൽ ഏത് രാജ്യത്തുനിന്നാണ് കടമെടുത്തിരിക്കുന്നത്?

(A) ബ്രിട്ടൻ (B) കാനഡ

(C) U.S.A. (D) U.S.S.R.

26. ഇന്ത്യയുടെ നിലവിലെ ഉപരാഷ്ട്രപതി ആരാണ്?

(A) എം. വെങ്കയ്യ നായിഡു (B) സി.പി. രാധാകൃഷ്ണൻ

(C) ജഗ്ദീപ് ധൻഖർ (D) ഓം ബിർള

27. കേരളത്തിലെ ആദ്യ മുസ്ലീംപള്ളി ഏത്?

(A) മലപ്പുറം പള്ളി
(B) ചേരമാൻ ജുമാ മസ്ജിദ്
(C) പാലയൂർ പള്ളി
(D) പൊന്നാനി പള്ളി

28. 'മുചിരി' എന്ന തുറമുഖം ഇപ്പോഴത്തെ ഏത് സ്ഥലത്താണ്?

(A) കോഴിക്കോട്
(B) കൊച്ചി
(C) കൊടുങ്ങല്ലൂർ
(D) കണ്ണൂർ

29. ചട്ടമ്പി സ്വാമികളുടെ യഥാർത്ഥ പേര് എന്ത്?

(A) നാരായണൻ
(B) കുഞ്ഞൻപിള്ള
(C) അയ്യപ്പൻ
(D) രാമൻ

30. കേരളത്തിലെ ആദ്യ ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ച സ്ഥലം ഏത്?

(A) കോഴിക്കോട്
(B) തിരുവനന്തപുരം
(C) കോട്ടയം
(D) കൊച്ചി

31. കേരളത്തിൽ ആദ്യ റെയിൽവേ ലൈൻ സ്ഥാപിച്ചത് എവിടെ?

(A) കൊച്ചി - തിരുവനന്തപുരം
(B) തിരൂർ - ബേപ്പൂർ
(C) കോഴിക്കോട് - കണ്ണൂർ
(D) കോട്ടയം - എറണാകുളം

32. 2023-ൽ കേരള സർക്കാർ ആരംഭിച്ച K-FON പദ്ധതിയുടെ പ്രധാന ലക്ഷ്യം എന്ത്?

(A) കൃഷി വികസനം
(B) സൗജന്യ ഇന്റർനെറ്റ് ലഭ്യമാക്കൽ
(C) ആരോഗ്യസേവനങ്ങൾ മെച്ചപ്പെടുത്തൽ
(D) ടൂറിസം പ്രോത്സാഹനം

33. 2024-ൽ ISRO വിജയകരമായി വിക്ഷേപിച്ച പുതിയ റോക്കറ്റ് ഏത്?

(A) PSLV-C58
(B) GSLV MK III
(C) SSLV
(D) ASLV

34. ജീവകം B1-ന്റെ അപര്യാപ്തത മൂലമുണ്ടാകുന്ന രോഗം :

(A) കണ
(B) ബെറി ബെറി
(C) നിശാന്ധത
(D) സ്കർവി

35. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അർബുദ രോഗികൾക്ക് സൗജന്യ ചികിത്സ നല്കുന്ന പദ്ധതി :

(A) ആർദ്രം (B) താലോലം

(C) സുകൃതം (D) അശ്വമേധം

36. എയ്ഡ്സിന് (AIDS) കാരണമായ രോഗകാരി :

(A) HIV (എച്ച്.ഐ.വി.) (B) HBV (എച്ച്.ബി.വി.)

(C) HCV (എച്ച്.സി.വി.) (D) റൈനോവൈറസ്

37. Reduce, Reuse, Recycle എന്ന ആശയം എന്തിനോടാണ് ബന്ധപ്പെട്ടിരിക്കുന്നത്?

(A) വനനശീകരണം (B) ജലസേചനം

(C) ഖനനം (D) മാലിന്യസംസ്കരണം

38. 2026-ലെ ലോകപരിസ്ഥിതി ദിനത്തിന്റെ ആതിഥേയ രാജ്യം :

(A) അസർബൈജാൻ (B) ദക്ഷിണകൊറിയ

(C) സൗദി അറേബ്യ (D) സ്വീഡൻ

39. മനുഷ്യ ശരീരത്തിലെ ഏറ്റവും വലിയ അവയവം :

(A) കരൾ (B) ഹൃദയം

(C) ത്വക്ക് (D) ശ്വാസകോശം

40. അമിതവണ്ണം നിർണ്ണയിക്കാൻ ഉപയോഗിക്കുന്ന സൂചിക :

(A) ECG (ഇ.സി.ജി.) (B) BMI (ബി.എം.ഐ.)

(C) EEG (ഇ.ഇ.ജി.) (D) FBS (എഫ്.ബി.എസ്.)

41. ആഗോളതാപനത്തിന് കാരണമാകുന്ന പ്രധാന വാതകം :

(A) ഓക്സിജൻ (B) നൈട്രജൻ

(C) ഹൈഡ്രജൻ (D) കാർബൺ ഡയോക്സൈഡ്

42. മരുഭൂമിയിൽ കൂടി നടക്കുന്ന ആൾ കുറച്ചു ദൂരെ പച്ചപ്പ് കാണുന്നു. 'മരീചിക' എന്ന ഈ പ്രതിഭാസത്തിനു കാരണം പ്രകാശത്തിനു സംഭവിക്കുന്ന __________ ആണ്.

(A) പ്രതിഫലനം

(B) അപവർത്തനം

(C) പൂർണ്ണ ആന്തരിക പ്രതിഫലനം

(D) വിഭംഗനം

43. താഴെപ്പറയുന്നവയിൽ ശരിയായ പ്രസ്താവന/പ്രസ്താവനകൾ കണ്ടുപിടിക്കുക :

(i) നിശ്ചലമായിരിക്കുന്ന ചാർജ്ജുകൾ ഇലക്ട്രോമാഗ്നറ്റിക് തരംഗങ്ങൾ ഉണ്ടാക്കും

(ii) ഇ.എം. തരംഗങ്ങളുടെ മാധ്യമത്തിലൂടെ ഉള്ള വേഗത, $V = \frac{1}{\sqrt{\mu \in}}$ ആയിരിക്കും.

(iii) പ്രകാശം ഒരു ഇ.എം. തരംഗമാണ്

(iv) പ്രകാശത്തിന്റെ ശൂന്യതയിലെ വേഗത അതിന്റെ തരംഗദൈർഘ്യം, ആവർത്തി എന്നിവ അനുസരിച്ച് മാറ്റി എടുക്കാം

(A) (i) & (ii)
(B) (ii) & (iii)
(C) (iii) & (iv)
(D) (i), (ii), (iv)

44. ശബ്ദ, പ്രകാശ തരംഗങ്ങളെ താരതമ്യം ചെയ്തുകൊണ്ടുള്ള ശരിയായ പ്രസ്താവന/പ്രസ്താവനകൾ തിരഞ്ഞെടുക്കുക :

(i) രണ്ടുതരം തരംഗങ്ങൾക്കും ശൂന്യത (സ്പേസ്) യിൽക്കൂടി സഞ്ചരിക്കാൻ കഴിയും

(ii) വ്യതികരണം (ഇന്റർഫറൻസ്), വിഭംഗനം (ഡിഫ്രാക്ഷൻ) മുതലായവ രണ്ടിനും സംഭവിക്കുന്നു

(iii) ധ്രുവീകരണം (പോളറൈസേഷൻ) പ്രകാശത്തിനു മാത്രം സംഭവിക്കുന്ന ഒന്നാണ്

(iv) പ്രകാശം അനുപ്രസ്ഥ (ട്രാൻസ്‌വേർസ്) തരംഗവും ശബ്ദം അനുദൈർഘ്യ (ലോൺജിറ്റ്യൂഡിനൽ) തരംഗവുമാണ്

(A) (i), (ii), (iii)
(B) (ii), (iii), (iv)
(C) (i), (ii), (iii), (iv)
(D) ഇവയൊന്നുമല്ല

45. ഭാരതത്തിന്റെ ആദ്യ സ്വകാര്യ ഭ്രമണപഥ ദൗത്യത്തിന്റെ പേര് :

(A) മിഷൻ ആഗമൻ
(B) വിക്രം - 1
(C) സ്കൈ റൂട്ട് എറോസ്പേസ്
(D) മിഷൻ പൃഥ്വി

46. മലയാളിയും നാസാശാസ്ത്രജ്ഞനുമായ ഡോ. അനിൽ മേനോൻ റോസ്കോസ്മോസിന്റെ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തിയത് ഏത് ദൗത്യത്തിന്റെ ഭാഗമായാണ്?

(A) റോസ്കോസ്മോസ് - 2
(B) നാസാ 2026
(C) എക്സ്പെഡിഷൻ 24
(D) ഇവയൊന്നുമല്ല

47. ഇന്ത്യയിലെ ആദ്യത്തെ ഹൈഡ്രജൻ ട്രെയിനായ നമോഗ്രീൻ റെയിലിൽ വൈദ്യുതി ഉൽപാദിപ്പിക്കുന്ന ഫ്യുവൽ സെൽ പുറന്തള്ളുന്ന ഉപോൽപ്പന്നമേത്?

(A) ഓക്സിജൻ (B) നീരാവി

(C) ഹൈഡ്രജൻ (D) കാർബൺ ഡൈ ഓക്സൈഡ്

48. രാസലഹരിയായ MDMA യുടെ രാസനാമം :

(A) 3, 4 – മെത്തിലീൻ ഡയോക്സി മെത്താംഫെറ്റാമൈൻ

(B) 3, 4 – മെത്തിലീൻ ഡയമീൻ മെത്താംഫെറ്റാമൈൻ

(C) 3, 4 – മീഥൈൽ ഡയോക്സി മെത്താംഫെറ്റാമൈൻ

(D) 3, 4 – മീഥൈൽ ഡയമീൻ മെത്താംഫെറ്റാമൈൻ

49. വെങ്കലത്തിലുള്ള d block മൂലകം :

(A) അലുമിനിയം (B) ചെമ്പ്

(C) ഈയം (D) ഇരുമ്പ്

50. മനുഷ്യ രക്തത്തിന്റെ pH മൂല്യം ആകാവുന്നത് ഏത്?

(A) 6.25 (B) 8.32

(C) 7.42 (D) 10.25

51. സ്ഥിര താപനിലയിൽ 2 atm മർദ്ദമുള്ള ഒരു വാതകത്തിന്റെ വ്യാപ്തം 4 ലിറ്റർ ആണ്. വ്യാപ്തം 2 ലിറ്റർ ആയി കുറക്കണമെങ്കിൽ മർദ്ദം എത്രയാക്കണം?

(A) 4 (B) 2

(C) 8 (D) 6

52. കലാമണ്ഡലം ഹൈദരലി ഏത് രംഗത്താണ് പ്രശസ്തനായത്?

(A) മദ്ദളം (B) ചെണ്ട

(C) കഥകളി സംഗീതം (D) ഇടയ്ക്ക

53. ദിവി ബിജേഷ് എന്ന മലയാളി താരം തന്റെ മികവ് പുലർത്തിയത് ________ മേഖലയിലാണ്.

(A) ചെസ്സ് (B) ഹോക്കി

(C) വോളിബോൾ (D) കബഡി

54. കുട്ടികൃഷ്ണമാരാരുടെ 'ഭാരതപര്യടനം' എന്ന കൃതി ഏത് സാഹിത്യ വിഭാഗത്തിൽപെടുന്നു?

(A) ജീവചരിത്രം (B) മഹാഭാരതപഠനം
(C) യാത്രാവിവരണം (D) നാടകം

55. അത്തച്ചമയ ഘോഷയാത്രകൊണ്ട് പ്രസിദ്ധി നേടിയ സ്ഥലം :

(A) ഇരിങ്ങാലക്കുട (B) ഓച്ചിറ
(C) തിരുവില്വാമല (D) തൃപ്പൂണിത്തുറ

56. 'വൃത്താന്ത പത്രപ്രവർത്തനം' എന്ന കൃതി രചിച്ചത് ആര്?

(A) സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
(B) കെ.പി. കേശവ മേനോൻ
(C) എം.ടി. വാസുദേവൻ നായർ
(D) കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള

57. 'ഭ്രമയുഗം' എന്ന ചിത്രത്തിലെ ദൃശ്യാവിഷ്കാരത്തിന് മികച്ച ഛായാഗ്രഹണ ത്തിനുള്ള ദേശീയ പുരസ്കാരം നേടിയതാര്?

(A) ഗിരീഷ് ഗംഗാധരൻ (B) ജോമോൻ ടി. ജോൺ
(C) അമൽ നീരദ് (D) ഷെഹ്നാദ് ജലാൽ

58. 2026-ലെ ഫിഫ ലോകകപ്പിൽ മത്സരിച്ച ഏറ്റവും പ്രായംകുറഞ്ഞ കളിക്കാരൻ :

(A) ഗിൽബെർട്ടോ മോറ (B) ജൂനിയർ നെയ്മർ
(C) നോർമൻ വൈറ്റ്സൈഡ് (D) മറഡോണ

59. കമ്പ്യൂട്ടറിന്റെ സ്ഥിരം മെമ്മറി എന്നറിയപ്പെടുന്നത് :

(A) ക്യാഷ് മെമ്മറി (B) RAM (റാം)
(C) ഹാർഡ് ഡിസ്ക് (D) പ്രോസ്സസർ

60. ഇന്ത്യൻ IT (ഐ.ടി.) ആക്ട് നിലവിൽ വന്ന വർഷം :

(A) 2005 (B) 2000
(C) 1999 (D) 2002

61. ഇന്റർനെറ്റിൽ വിവരങ്ങൾ കണ്ടെത്താനുപയോഗിക്കുന്ന ഗൂഗിൾ, ബിങ് എന്നി ങ്ങനെയുള്ള സംവിധാനങ്ങൾക്ക് പറയുന്ന പേര് :

(A) വെബ് ബ്രൗസർ (B) ഫിഷിങ്
(C) സോർട്ടിങ് (D) സെർച്ച് എൻജിൻ

62. ഒരു വെബ് പേജിന്റെ അടിസ്ഥാന ഘടനാ നിർമ്മാണത്തിൽ ഉൾപ്പെടാത്ത ടാഗ് (Tag) ഏത്?

(A) <HEAD> (B) <BODY>
(C) <HTML> (D) <TAIL>

63. ഒരു കമ്പ്യൂട്ടറിലേക്കോ നെറ്റ്വർക്കിലേക്കോ ഉള്ള കടന്നുകയറ്റമാണ് :

(A) ഫിഷിങ് (B) ഹാക്കിങ്
(C) ഫയർവാൾ (D) ബ്രിഡ്ജിങ്

64. 2005-ലെ വിവരാവകാശ നിയമത്തിലെ സെക്ഷൻ 18 പ്രകാരമുള്ള ഒരു പരാതി അന്വേഷിക്കുമ്പോൾ വിവരാവകാശ കമ്മീഷന് ഒരു സിവിൽ കോടതിയുടെ താഴെപ്പറയുന്ന ഏത് അധികാരം ഉണ്ടായിരിക്കുന്നതാണ്?

(A) വ്യക്തികളെ സമൻസ് അയച്ച് കോടതിയിൽ ഹാജരാക്കാനും വാമൊഴിയായോ രേഖാമൂലമോ തെളിവു നൽകാൻ നിർബന്ധിക്കാനുമുള്ള അധികാരം

(B) പണം തിരിച്ചുപിടിക്കാനുള്ള ഡിക്രി പാസ്സാക്കാനുള്ള അധികാരം

(C) പൊതുഅധികാരികളെ നടപടിയെടുക്കുന്നതിൽ നിന്ന് തടയുന്ന നിരോധന ഉത്തരവ് അനുവദിക്കാനുള്ള അധികാരം

(D) ലംഘനം നടത്തിയതിന് വ്യക്തികൾക്ക് തടവ് ശിക്ഷ നൽകി ശിക്ഷിക്കാനുള്ള അധികാരം

65. 2019-ലെ ഉപഭോക്തൃ സംരക്ഷണ നിയമം അനുസരിച്ച് താഴെപ്പറയുന്ന പ്രസ്താവനകളിൽ ശരിയേത്?

(i) ഓരോ ഉപഭോക്താവിനും സാധനങ്ങളുടെയോ സേവനങ്ങളുടെയോ ഗുണനിലവാരം, അളവ്, വീര്യം, പരിശുദ്ധി, നിലവാരം, വില എന്നിവയെക്കുറിച്ച് അറിയാനുള്ള അവകാശമുണ്ട്

(ii) ഓരോ ഉപഭോക്താവിനും ഉപഭോക്തൃ അവബോധത്തിനുള്ള അവകാശമുണ്ട്

(iii) ഇന്ത്യയിൽ വിൽക്കുന്ന ഓരോ ഉൽപ്പന്നത്തിനും ആജീവനാന്ത വാറന്റി ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിക്കാൻ ഓരോ ഉപഭോക്താവിനും അവകാശമുണ്ട്

(iv) അന്യായമായ വ്യാപാരരീതികൾക്കോ നിയന്ത്രിത വ്യാപാരരീതികൾക്കോ എതിരെ പരിഹാരം തേടാൻ ഓരോ ഉപഭോക്താവിനും അവകാശമുണ്ട്

(A) (i) ഉം (ii) ഉം (iii) ഉം (iv) ഉം

(B) (i) ഉം (iii) ഉം മാത്രം

(C) (i) ഉം (ii) ഉം (iv) ഉം മാത്രം

(D) (ii) ഉം (iii) ഉം മാത്രം

66. 2005-ലെ ഗാർഹിക പീഡനത്തിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം സെക്ഷൻ 3 പ്രകാരം താഴെപ്പറയുന്നവയിൽ ഗാർഹിക പീഡനമായി ഗണിക്കപ്പെടുന്നത് ഏത്?

(A) ഒരു സ്ത്രീക്ക് പണം കടം കൊടുക്കാൻ വിസമ്മതിക്കുന്ന അയൽക്കാരൻ

(B) ദുരുപയോഗമോ നിർബന്ധമോ ഇല്ലാത്ത രാഷ്ട്രീയ അഭിപ്രായങ്ങളെ ച്ചൊല്ലി ഇണകൾക്കിടയിൽ ഉണ്ടാകുന്ന അഭിപ്രായവ്യത്യാസം

(C) പരാതിക്കാരിയായ സ്ത്രീക്ക് അവൾക്ക് അർഹമായ സാമ്പത്തിക സ്രോതസ്സുകൾ നിഷേധിക്കൽ

(D) സ്ത്രീ താമസിക്കുന്ന കെട്ടിടത്തിന്റെ ഉടമസ്ഥൻ വാടക വർദ്ധിപ്പിക്കുന്നു

67. ഒരു രാഷ്ട്രം, ഒരു തെരഞ്ഞെടുപ്പ് (One Nation One Election) സാധ്യമാക്കുന്നതിനായി അവതരിപ്പിച്ച ഭരണഘടന (നൂറ്റിഇരുപത്തിഒമ്പതാം ഭേദഗതി) ബിൽ പ്രധാനമായും ലക്ഷ്യമിടുന്നത് താഴെപ്പറയുന്നവയിൽ ഏത്?

(A) എല്ലാ സംസ്ഥാനങ്ങളിലെയും ലെജിസ്ലേറ്റീവ് കൗൺസിലുകൾ നിർത്തലാക്കുക

(B) ലോക്സഭയിലേക്കും സംസ്ഥാന നിയമസഭകളിലേക്കുമുള്ള തിരഞ്ഞെടുപ്പുകൾ സമന്വയിപ്പിക്കുക

(C) പാർലമെന്റ് അംഗങ്ങളുടെ കാലാവധി ഏഴു വർഷമായി വർദ്ധിപ്പിക്കുക

(D) എല്ലാ തെരഞ്ഞെടുപ്പുകൾക്കും ആനുപാതിക പ്രാതിനിധ്യം കൊണ്ടുവരുക

68. വഖഫ് (ഭേദഗതി) നിയമം, 2025 പ്രധാനമായും നിലവിൽ വന്നത് താഴെപ്പറയുന്ന ഏതിനെക്കുറിച്ചാണ്?

(A) എല്ലാ സംസ്ഥാന വഖഫ് ബോർഡുകളും നിർത്തലാക്കുക

(B) എല്ലാ വഖഫ് സ്വത്തുക്കളും ദേശസാൽക്കരിക്കുക

(C) വഖഫ് സ്വത്തുക്കളുടെ ഭരണം സുപ്രീം കോടതിക്ക് കൈമാറുക

(D) നിലവിലുള്ള വഖഫ് നിയമം ഭേദഗതി ചെയ്തുകൊണ്ട് വഖഫ് സ്വത്തുക്കളുടെ ഭരണവും കാര്യനിർവ്വഹണവും പരിഷ്കരിക്കുക

69. ദേശീയ മനുഷ്യാവകാശ കമ്മീഷൻ താഴെപ്പറയുന്ന ഏത് നിയമപ്രകാരമാണ് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്?

(A) സിവിൽ അവകാശ സംരക്ഷണ നിയമം, 1955

(B) മനുഷ്യാവകാശ സംരക്ഷണ നിയമം, 1993

(C) ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിയമം, 1990

(D) വിവരാവകാശ നിയമം, 2005

70. ലൈംഗികാതിക്രമങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്ന നിയമം (പോക്സോ ആക്ട്, 2012) പ്രകാരം കുട്ടിയുടെ മൊഴി രേഖപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ശരിയല്ലാത്തത് ഏത്?

(A) കുട്ടിയുടെ മൊഴി കുട്ടിയുടെ വസതിയിലോ കുട്ടി സാധാരണയായി താമസിക്കുന്ന സ്ഥലത്തോ കുട്ടി ഇഷ്ടപ്പെടുന്ന സ്ഥലത്തോ പ്രായോഗികമാകുന്നിടത്തോളം സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു വനിതാ പോലീസ് ഓഫീസർ രേഖപ്പെടുത്തേണ്ടതാണ്

(B) കുട്ടിയുടെ മൊഴി രേഖപ്പെടുത്തുമ്പോൾ പോലീസ് ഉദ്യോഗസ്ഥൻ യൂണിഫോമിൽ ആയിരിക്കരുത്

(C) ഒരു കാരണവശാലും ഒരു കുട്ടിയെയും രാത്രിയോ പകലോ പോലീസ് സ്റ്റേഷനിൽ തടഞ്ഞുവയ്ക്കാൻ പാടില്ല

(D) യാതൊരു സാഹചര്യത്തിലും കുട്ടി പ്രതിയുമായി യാതൊരു വിധസമ്പർക്കത്തിലും ഏർപ്പെടുന്നില്ല എന്ന് കുട്ടിയിൽ നിന്ന് വിവരങ്ങൾ ആരായുന്ന സമയത്ത് അന്വേഷണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേ ണ്ടതാണ്

71. ഒരു മേശ 600 രൂപയ്ക്ക് വിറ്റപ്പോൾ 20% നഷ്ടം ഉണ്ടായി. മേശയുടെ വാങ്ങിയ വില എത്ര?

(A) 600
(B) 650
(C) 700
(D) 750

72. $\frac{3}{4}, \frac{5}{6}, \frac{2}{3}$ ഇവയിൽ ഏറ്റവും വലിയ ഭിന്നസംഖ്യ ഏത്?

(A) $\frac{3}{4}$
(B) $\frac{5}{6}$
(C) $\frac{2}{3}$
(D) എല്ലാം തുല്യം

73. 6,000 രൂപയ്ക്ക് 10% വാർഷിക നിരക്കിൽ 2 വർഷത്തേക്ക് ലഭിക്കുന്ന സാധാരണ പലിശ എത്ര?

(A) 1,200
(B) 1,000
(C) 1,500
(D) 2,000

74. ഒരു സംഖ്യയുടെ 30% എന്നത് 60 ആയാൽ ആ സംഖ്യയുടെ 20% എത്ര?

(A) 120
(B) 40
(C) 180
(D) 50

75. ആദ്യത്തെ 7 എണ്ണൽ സംഖ്യകളുടെ ശരാശരി എത്ര?

(A) 4
(B) 3.5
(C) 2
(D) 3

76. വിട്ടുപോയ സംഖ്യ കണ്ടെത്തുക :
2, 4, 8, 16, 32, ____

(A) 40
(B) 48
(C) 64
(D) 50

77. താഴെ തന്നതിൽ കൂട്ടത്തിൽ പെടാത്തത് ഏത്?

(A) ജനുവരി
(B) മാർച്ച്
(C) ഏപ്രിൽ
(D) മെയ്

78. ഒരു രഹസ്യഭാഷയിൽ 'BAG' എന്നത് 'CBH' എന്ന് കോഡ് ചെയ്താൽ 'BOOK' എന്നത് എങ്ങനെ കോഡു ചെയ്യാം?

(A) PLCP
(B) PCCL
(C) LCCP
(D) CPPL

79. ശ്രേണി പൂർത്തിയാക്കുക :
B, D, F, H, _____

(A) I
(B) J
(C) K
(D) L

80. പക്ഷി : ആകാശം : : മത്സ്യം : ________

(A) കാട്
(B) വെള്ളം
(C) കൂട്
(D) ഭൂമി

81. If I were you, I __________ smoking.

(A) would quit
(B) will have quit
(C) may quit
(D) will quit

82. "Do not __________ me in front of my friends".

(A) embbaras
(B) embarrase
(C) embarrass
(D) embarass

83. His spontaneous trip required a __________ budget.

(A) deliberate
(B) plain
(C) rehearsed
(D) calculated

84. A person who writes with bad handwriting or incorrect spelling is a __________.

(A) Calligraphist
(B) Cacographist
(C) Cartographist
(D) Cryptographist

85. She was sitting __________ the pool and reading a book.

(A) on
(B) in
(C) into
(D) beside

86. The corrected sentence for :
"Every of the student have their own laptop" is __________.

(A) Each of the students has their own laptops.
(B) Every student have their own laptops.
(C) Each of the students have their own laptops.
(D) Every of the students has his own laptop.

87. The new employee was __________ during her first week on the job.

(A) under the weather
(B) at sea
(C) out of the woods
(D) barking up the wrong tree

88. "He swallowed his self-respect and apologized". The word 'self-respect' can be replaced with __________.

(A) amour propre
(B) mon amour
(C) primier amour
(D) amour fou

89. He said, "You saw me see you."
This can be reported as __________.

(A) He said that he saw me see him.
(B) He said that he saw him see me.
(C) He said that I had seen him see me.
(D) He said that I saw him see me.

90. ________ my father __________ his brother were born in Canada.

(A) Neither - nor
(B) Both - and
(C) Either - or
(D) Whether - or

91. ഒരാളെ വല്ലാതെ ബുദ്ധിമുട്ടിക്കുക എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന ശൈലി ഏതാണ്?

(A) തൂക്കിലേറ്റുക
(B) വെള്ളം കുടിപ്പിക്കുക
(C) കൈമലർത്തുക
(D) ഇടങ്കോലിടുക

92. താഴെ തന്നിരിക്കുന്നവയിൽ നിന്നും 'ലോകാവസാനം വരെ' എന്നതിന് ഒറ്റപ്പദം കണ്ടെത്തുക :

(A) കല്പാന്തകാലം
(B) ആജീവനാന്തം
(C) വിപലകാലം
(D) കാലാന്തരം

93. വ്യക്തിയെന്നോ വർഗ്ഗമെന്നോ ജാതിവ്യത്യാസമില്ലാത്ത നാമവിഭാഗം ഏത്?

(A) സംജ്ഞാനാമം
(B) സാമാന്യനാമം
(C) മേയനാമം
(D) സർവ്വനാമം

94. താഴെ തന്നിരിക്കുന്നവയിൽ നിന്ന് ശരിയായ പദം എടുത്തെഴുതുക :

(A) തിക്ദാനുഭവം
(B) തിക്ഥാനുഭവം
(C) തിക്ധാനുഭവം
(D) തിക്താനുഭവം

95. പ്രതിഗ്രാഹിക വിഭക്തി എന്തിനെ കുറിക്കുന്നു?

(A) ക്രിയ
(B) കർമ്മം
(C) നാമം
(D) അർത്ഥം

96. താഴെ കൊടുത്തിട്ടുള്ളവയിൽ പുറംകാഴ്ച കൊണ്ട് മാത്രം ഒരു കാര്യത്തിൽ വിധിയെഴുതരുത് എന്ന് അർത്ഥം തരുന്ന പഴഞ്ചൊല്ലുകൾ ഏവ?

(i) ഏറെ ചിത്രം ഓട്ടപ്പാത്രം
(ii) അഴകുള്ള ചക്കയിൽ ചുളയില്ല
(iii) മിന്നുന്നതെല്ലാം പൊന്നല്ല
(iv) പുഴുക്കുത്തുള്ള വിത്തിന് പുറം മിനുക്കെന്തിന്?

(A) (i), (ii) എന്നിവ
(B) (i), (iii) എന്നിവ
(C) (ii), (iv) എന്നിവ
(D) തന്നിരിക്കുന്നവയെല്ലാം

97. __________ പ്രത്യയം ചേരുമ്പോഴാണ് പദം ഉണ്ടാകുന്നത്.

(A) സ്വരവുമായി

(B) വർണ്ണവുമായി

(C) പ്രകൃതിയുമായി

(D) വ്യഞ്ജനവുമായി

98. ഉപകാരം എന്നതിന്റെ വിപരീത പദമെഴുതുക :

(A) ഉപദ്രവം

(B) അപകാരം

(C) ഉദ്ഗ്രഥനം

(D) നിഗ്രഹം

99. അവൾ - പിരിച്ചെഴുതുക :

(A) അ + വൾ

(B) അ + അൾ

(C) പിരിച്ചെഴുതാൻ കഴിയില്ല

(D) അ + ആൾ

100. താഴെ തന്നിരിക്കുന്നവയിൽ ഇഷ്ടം എന്ന വാക്കിന്റെ പര്യായപദങ്ങൾ ഏതെല്ലാം?

(i) ഹിതം

(ii) പ്രിയം

(iii) ചിത്തം

(iv) അഭീഷ്ടം

(A) (i), (ii) എന്നിവ

(B) (i), (ii), (iii) എന്നിവ

(C) (i), (ii), (iv) എന്നിവ

(D) തന്നിരിക്കുന്നവ എല്ലാം

SPACE FOR ROUGH WORK

**SPACE FOR ROUGH WORK**